പോലീസിലേക്കു സെലക്ട് ചെയ്യപ്പെട്ടവർ

* 151. ശ്രീ. എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന പോലീസിലേക്ക് സെലക്ട് ചെയ്തവരിൽ നിയമനം നടത്താതെ ബാക്കി നില്ക്കുന്നവരെത്ര;

(ബി) പ്രസ്തുത സെലക്ട് ലിസ്റ്റിലെ മുഴുവൻ പേർക്കും എന്നേയ്ക്ക് നിയമനം നല്കാനാവുമെന്നു വ്യക്തമാക്കാമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) 2384 പേർ.

(ബി) നിയമനം നൽകാനാവുമെന്നാണ് ഗവൺമെൻറിന്റെ പ്രത്യാശ.

ശ്രീ. സി. കെ. തങ്കപ്പൻ : പോലീസ് സേനയിലേക്ക് എണ്ണായിരം ആളുകളെ അടിയന്തിരമായി റിക്രൂട്ട്ചെയ്യുമെന്നാണ് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ആഭ്യന്തരവകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്. ഇപ്പോഴാ അദ്ദേഹം പറയുന്നത് 2384 പേർ എന്നാണ്. പി. എസ്. സി. ശുപാർശ ചെയ്തിട്ടുള്ള മുഴുവൻ ആളുകളേയും നിശ്ചിത കാലാവധിക്കുള്ളിൽ നിയമിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ കഴിയുമോ ?

ശ്രീ. വയലാർ രവി : ഇതുവരെയായി ഏഴായിരത്തി അഞ്ഞൂറോളം ആളുകളെ പരിശീലനം നൽകി എ. ആറിലും ബറാലിയനിലുമായി സർവ്വീസിൽ എടുത്തുകഴിഞ്ഞിട്ടുണ്ട്. പി. എസ്. സി. സെലക്ട്ചെയ്തു വച്ചിരുന്ന, ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച ലിസ്റ്റ്, ബറാലിയനിലേക്ക് മാത്രം ഉള്ളതാണ്. ഇതിലാണ് 2384 പേർക്ക് ട്രെയിനിങ്ങ് കൊടുക്കാനുണ്ട് എന്ന് ഞാൻ ചൂണ്ടിക്കാണിച്ചത്. എല്ലാ ലിസ്റ്റും മൂന്നുകൊല്ലത്തേക്ക് ആക്കിയതിന്റെ അടിസ്ഥാനത്തിൽ മെയ്മാസംവരെ കാലാവധി ഉണ്ട്. അതിനുള്ളിൽ വരുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലായിരിക്കും അവരെ എടുക്കാൻ കഴിയുക. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : പോലീസിലേക്ക് സെലക്ഷൻ കിട്ടിയ ആളുകളെയും ഇൻറർവ്യൂവും ടെസ്റ്റും കഴിഞ്ഞിട്ടുള്ള ആളുകളെയും നിശ്ചിത കാലാവധിക്കുള്ളിൽ നിയമിച്ചില്ലെങ്കിൽ അവർക്ക് ഓവറേജ് ആയിപ്പോകും. അതുകൊണ്ട് ഓവറേജ് ആകാൻ സാദ്ധ്യതയുള്ള ആളുകളെ അടിയന്തിരമായി പോലീസ് സേനയിലേക്ക് നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : അതുകൊണ്ടുതന്നെയാണ് പി. എസ്. സി. യുടെ കയ്യിലിരിക്കുന്ന ബറാലിയനിലേക്കുള്ള ലിസ്റ്റിൽ നിന്നും 1,200 ആളുകളുടെ പേര് ഉടനെ അയച്ചുതരണമെന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടത്. അവർ രണ്ട് ബാച്ചുകളിൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : പോലീസിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്തയവസരത്തിൽ കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചുള്ള ശതമാനം എല്ലാ സമുദായങ്ങൾക്കും കിട്ടിയില്ലായെന്നുള്ള പരാതി ഉണ്ടായിരുന്നു. അത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വയലാർ രവി : പി. എസ്. സി. ഗവൺമെൻറ് ആവശ്യപ്പെട്ടതനുസരിച്ച് അഡ്വൈസ് തരുമ്പോൾ കമ്മ്യൂണൽ റൊട്ടേഷൻ കർശനമായും പാലിക്കണമെന്നാണ് ഗവൺമെൻറിൻെറ താല്പര്യം. പി. എസ്. സി. അത് കർശനമായി പാലിക്കുന്നുണ്ട് എന്നാണ് ഗവൺമെൻറ് കരുതുന്നത്. ഏതെങ്കിലുംതരത്തിൽ പാലിച്ചിട്ടില്ലെന്നു കണ്ടാൽ പി. എസ്. സി. യെ അറിയിക്കുന്നതാണ്; സാധാരണഗതിയിൽ അത് പരിഹരിക്കാൻ പി. എസ്. സി.യോട് നിർദ്ദേശിക്കുന്നതുമാണ്.

ശ്രീ. കെ. പി. പ്രഭാകരൻ : ഞാൻ സാധാരണഗതിയല്ല പറഞ്ഞത്. പോലീസ് സേനയിലേക്ക് 7,000 ആളുകളെ റിക്രൂട്ട് ചെയ്തതിൽ സാമുദായിക പ്രാതിനിധ്യം പാലിച്ചിട്ടില്ലെന്നു പരാതിയുണ്ടായിരിക്കുന്നു. അത് ഈ സഭയിൽ മുമ്പ് മന്ത്രി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഈ ലിസ്റ്റിൽ നിന്ന് റൊട്ടേഷനുസരിച്ച് മാത്രമേ നിയമിക്കുകയുള്ളു എന്നു വന്നുകഴിഞ്ഞാൽ ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയുമോ ? മേയ് മാസത്തിനുമുമ്പ് ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ജോലികൊടുക്കുമെന്നാണ് പറയുന്നത്. അന്ന് സെലക്റ്റ് ചെയ്തത് റൊട്ടേഷനുസരിച്ചല്ലെങ്കിൽ റൊട്ടേഷൻ ക്രമത്തിലാകുമ്പോൾ കുറെയാളുകൾ പുറത്തു പോകേണ്ടിവരും. എന്താണ് അതിൻെറ പൊസിഷനെന്ന് വ്യക്തമാക്കാമോ ?

ശ്രീ. വയലാർ രവി : മുഴുവൻ ആളുകൾക്കും ജോലി കൊടുക്കുമെന്നല്ല ഞാൻ പറഞ്ഞത്. സെലക്ഷൻ കിട്ടിയ ആളുകൾക്ക് ഒഴിവനുസരിച്ച് ജോലി കൊടുക്കുന്നതിൽ കാലതാമസം വരുത്തുകയില്ല. പ്രത്യാശ എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. ഇപ്പോൾത്തന്നെ 1,200 പേരുടെ ഒഴിവുണ്ടെന്നു അറിയിച്ചതാണ്. പി. എസ്. സി. യുടെ കയ്യിലുള്ള ലിസ്റ്റിൽ ബാക്കി 2,300 ലധികം പേർ ഉണ്ടെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. മൊത്തം എടുത്തുനോക്കുമ്പോൾ സാമുദായികപ്രാതിനിധ്യം അവഗണിക്കപ്പെടുമോയെന്നു വീണ്ടും പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : സെലക്റ്റ് ചെയ്തവർക്ക് മുഴുവൻ മേയ് മാസത്തിനകം ജോലി കൊടുക്കുമെന്നാണ് ആദ്യം പറഞ്ഞത്.

ശ്രീ. വയലാർ രവി : ഇല്ല സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. പ്രത്യാശയെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അല്ലാതെ കൊടുക്കുമെന്നു പറഞ്ഞിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : മേയ് മാസത്തിനകം നിയമനം നൽകാൻ കഴിയുമെന്ന പ്രത്യാശയാണ് മന്ത്രി ഇവിടെ പ്രകടിപ്പിച്ചത്. പോലീസ് സേനയിൽ അതാതുകാലത്തുണ്ടാകുന്ന ഒഴിവുകൾ കണക്കിലെടുത്തു അതിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ ആളുകൾക്ക് ട്രെയിനിംഗ് കൊടുക്കത്തക്കരീതിയിൽ സെലക്ട് ചെയ്ത് തരണമെന്നുള്ള നിലയിലാണോ അതോ മറെറന്തെങ്കിലും മാനദണ്ഡങ്ങൾ വച്ചാണോ പി. എസ്. സി. യോട് ആവശ്യപ്പെടുന്നത് ? പി. എസ്. സി. യുടെ ലിസ്റ്റിൽ കാലാവധിയും പ്രായപരിധിയും കഴിഞ്ഞു, മറെറാരു ജോലിക്കും പോകാൻ കഴിയാത്ത സാഹചര്യത്തിൽ ചെറുപ്പക്കാരെ വലയ്ക്കുന്നത് ശരിയല്ലല്ലോ. ഏത് മാനദണ്ഡം വച്ചാണ് പി. എസ്. സി. യോട് ഇത് ആവശ്യപ്പെടുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : ഒഴിവുകളുണ്ടാകുന്നതനുസരിച്ചു യാതൊരു കാലതാമസവും വരുത്താതെ അപ്പപ്പോൾ പി. എസ്. സി. യോട് ആവശ്യപ്പെടുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ സഹകരിച്ചുകൊണ്ട് പി. എസ്. സി. യും ഒഴിവുകൾ കഴിയുംവേഗം നികത്തുന്നതിനുള്ള സൗകര്യങ്ങൾ ചെയ്തുതരുന്നുണ്ട്. പക്ഷെ ശ്രീ. കെ. പി. പ്രഭാകരൻ പറഞ്ഞ വളരെ കാതലായ, സാമുദായികസംവരണമെന്ന പ്രശ്നം പാലിച്ചുകൊണ്ടു മാത്രമേ ഗവൺമെൻറിന് ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഇത്തരത്തിൽ റിക്രൂട്ടുമെൻറ് നടത്തുന്നതിനിടയിലുണ്ടായ വാർത്താപ്രാധാന്യമുള്ള ഒരു വിഷയത്തെക്കുറിച്ചാണ് പറയുന്നത്. പോലീസ് റിക്രൂട്ട്മെൻറിനുവന്ന പതിനായിരക്കണക്കിന് ചെറുപ്പക്കാർ തൃശൂർ മൈതാനിയിൽ വെയിലും മഞ്ഞുമേറ്റു നിന്ന് ഒടുവിൽ ലാത്തി കയ്യിലെടുക്കാൻ വന്ന നിരവധി ചെറുപ്പക്കാർക്ക് ലാത്തിയടിയേറ്റു പരിക്കുപറ്റി ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഇത്തരം അശാസ്ത്രീയമായ റിക്രൂട്ട്മെൻറ് സമ്പ്രദായം അവസാനിപ്പിക്കുമോ ? എത്ര ആളുകളെ ആവശ്യമുണ്ടോ അതിനനുസരിച്ച് ജില്ലാതലത്തിൽ റിക്രൂട്ടുമെൻറ് നടത്തുന്നതിനാവശ്യമായ നടപടി ഇതിനോടനുബന്ധിച്ചെങ്കിലും സ്വീകരിക്കുമോ ?

ശ്രീ. വയലാർ രവി : ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതാണ്. കേരളാപോലീസ് റിക്രൂട്ടുമെൻറിൽ ഇങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ല.

ശ്രീമതി. കെ. ആർ. ഗൗരി : പോലീസിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയും ജനറലായിട്ടും കുറെ ആളുകളെ സെലക്ഷൻ ചെയ്തിട്ടുണ്ട്. ഈ രണ്ടു വിഭാഗത്തിലുമുള്ള സെലക്ഷൻ ചെയ്ത പല ആളുകളേയും എടുത്തിട്ടില്ല. ഇതിന് പോലീസ് വെരിഫിക്കേഷനുണ്ടോ ? അതോ പ്രത്യേകമായി വേറെ എന്തെങ്കിലും കാരണമുണ്ടോ ?

ശ്രീ. വയലാർ രവി : സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുള്ളത് ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ്സിനുവേണ്ടിയാണ്. ജനറൽ ലിസ്റ്റും വേറെയുമുണ്ട്. പി. എസ്. സി. യുടെ മെറിറ്റ ലിസ്റ്റനുസരിച്ച് 6,594 പേരുടേയും ഷെഡ്യൂൾഡ്കാസ്റ്റിൽപ്പെട്ട 863 പേരുടേയും ഷെഡ്യൂൾഡ്ട്രൈബിൽപ്പെട്ട 8 പേരുടേയും ലിസ്റ്റ് ഉണ്ടാക്കിയിട്ടുണ്ട്. ഗവൺമെൻറിന് ഇങ്ങോട്ട് പേര് അഡ്വൈസ് ചെയ്യുകയല്ലാതെ ആരെ തരണമെന്ന് പറയാൻ ഗവൺമെൻറിന് അവകാശമില്ല. അങ്ങനെ തരുന്നവരെ വെരിഫിക്കേഷൻ നടത്താറുണ്ട്. വല്ല കേസോ മറ്റോ ഉള്ള കാര്യങ്ങളിലല്ലാതെ മറ്റ് തരത്തിൽ ആരെയും പുറത്ത് നിർത്താൻ ശ്രമിക്കുന്നില്ല. ശ്രീമതി ഗൗരിയമ്മ പറഞ്ഞ കാര്യം പരിശോധിക്കാം.

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജനം

* 152. ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, രാഘവൻ പൊഴക്കടവിൽ :
,, ജി. കാർത്തികേയൻ :
,, കെ. സി. ജോസഫ് :
,, കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിഭജിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly